# Athmaraksha.org

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

## എല്ലാ അവസരത്തിലും ദൈവം നമ്മുടെ മുന്നിൽ നടക്കുന്നു : ഫ്രാൻസീസ് പാപ്പ



ശനിയാഴ്ച രാവിലെ ഫിലിപ്പീൻസിലെ ടാക്ലോബാൻ സിറ്റിയിലാണ് ഫ്രാൻസസ് പാപ്പാ ദിവ്യബലി അർപ്പിച്ചത്. മഴയും കാറ്റും വകവയ്ക്കാതെ അനേകംപേർ പാപ്പയുടെ ദിവ്യ ബലിയിൽ സംബന്ധിക്കാനെത്തിയിരുന്നു. സ്പാനിഷ് ഭാഷയിലാണ് പാപ്പാ വിശ്വാസി കളോട് സംസാരിച്ചത്.
''നമ്മുടെ ദൗർബല്യങ്ങളോട് സഹതാപത്തോടെ പ്രതികരിക്കാൻ കഴിവുള്ള ഒരു മഹാപുരോഹിതൻ നമുക്കുണ്ട്. ക്രിസ്തു അങ്ങനെയാണ്. അവിടുന്ന് നമ്മെ പോലെ യാണ് ജീവിച്ചത്. പാപിയല്ലാതിരുന്നിട്ടും അവിടുന്ന് പാപികളോടൊപ്പം ജീവിച്ചു. പാപ മൊഴികെ എല്ലാക്കാര്യത്തിലും ക്രിസ്തു മനുഷ്യരെപ്പോലെയായിരുന്നു. നമ്മുടെ അവ സ്ഥകളെയും പാപത്തെയും അവർ തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്തു. വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നതും അതുതന്നെയാണ്. ദൈവം എല്ലായ്പ്പോഴും നമ്മുടെ മുന്നിൽ നടക്കുന്നു. നമ്മുടെ ജീവിതത്തിൽ സഹനങ്ങളും കുരിശുകളും കടന്നുവരുമ്പോൾ അവൻ നമ്മുടെ മുന്നിൽ ഉണ്ടാകും. 14 മാസങ്ങൾക്ക് മുമ്പുണ്ടായ ടൈഫൂൺ കൊടുങ്കാറ്റിന്റെ ദുരന്തങ്ങൾ ഇപ്പോഴും നാം സഹിക്കുന്നു. ദൈവം നമ്മുടെ കൂടെയുണ്ട് എന്ന് വിശ്വാസമാണ് ഇതുവരെയെത്തിച്ചത്.''

''ഇന്ന് ഞാനിവിടെ ആയിരിക്കണമെന്നത് ദൈവത്തിന്റെ നിശ്ചയമാണ്. ദൈവം സർവ്വശക്തനാണ് എന്ന് നിങ്ങളോട് പറയാനാണ് ഞാനിവിടെ വന്നിരിക്കുന്നത്. അവിടുന്ന് ഒരിക്കലും നമ്മെ കൈവെടിയുകയില്ല. ഭൗതികമായതെല്ലാം നഷ്ടമായാലും അവിടുന്ന് നമ്മുടെ കൂടെയുണ്ട്. ജീവിതത്തിലെ ഏറ്റവും പ്രയാസമുള്ള അവസരങ്ങളിൽ നമ്മോടൊപ്പം സഞ്ചരിച്ച് നമ്മെ സംരക്ഷിക്കുന്നവനാണ് ക്രിസ്തു. എല്ലാം നഷ്ടപ്പെട്ട വരാണ് നിങ്ങൾ. നിങ്ങളോട് എന്തു പറയണമെന്ന് എനിക്കറിയില്ല. എന്നാൽ നിങ്ങളോട് എന്തു പറയണമെന്ന് ദൈവത്തിന് കൃത്യമായി അറിയാം. നിങ്ങളിൽ ചിലർക്ക് നിങ്ങളുടെ കുടുംബാംഗങ്ങളെ നഷ്ടമായേക്കാം. അപ്പോൾ നിങ്ങൾ ചോദിക്കുന്നു. 'എന്തുകൊണ്ടാ ണ്, ദൈവമേ ഇങ്ങനെ?'നിങ്ങളുടെ ഹൃദയത്തിൽനിന്നുള്ള പ്രാർത്ഥനകൾക്ക് അവിടുന്ന് നിങ്ങൾക്ക് ഉത്തരം നൽകും. തനിച്ചാകുകയും ഭയം തോന്നുകയും ചെയ്യുന്ന അവസ രത്തിൽ ഒരു കുട്ടി എങ്ങനെയാണോ അവന്റെ അമ്മയോട് പെരുമാറുക അതുപോലെ നിങ്ങളും ദൈവത്തിൽ ആശ്രയിക്കുക.

ഒരു നിമിഷം ക്രൂശിലേയ്ക്ക് നോക്കുക. അവിടെ അവൻ നിരവധിയായി സഹിച്ചു. അമ്മയായ മറിയത്തിന്റെ കൈപിടിച്ച് ക്രിസ്തുവിലേയ്ക്ക് നോക്കുക. നമ്മൾ തനിച്ചല്ല എന്ന് മനസ്സിലാകും. പരിശുദ്ധ

അമ്മയുടെ സഹനത്തിനൊപ്പം യേശുവിന്റെ സ്നേഹ ത്തിൽ ഒന്നിച്ച് മുന്നേറാൻ ഞാൻ എല്ലാ സഹോദരീസഹോദരൻമാരോടും ആഹ്വാനം ചെയ്യുന്നു.'' പാപ്പാ പറഞ്ഞവസാനിപ്പിച്ചു.